കീഴിലുള്ള 4 മെഡിക്കൽ കോളേജുകളും, 1 ഡന്റൽ കോളേജും ഉൾപ്പെടെ 5 കോളേജുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മറ്റു സ്വാശ്രയ കോളേജ് മാനേജുമെന്റുകളുമായി കരാറിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) അല്ല. 2014-15 അദ്ധ്യായന വർഷത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയിട്ടുള്ള കോളേജുകളുടെ പട്ടികയാണ് 2015-ലെ KEAM പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി&ഡി) പ്രവേശന പരീക്ഷാ കമ്മീഷണർ 2014-15 അക്കാദമിക് വർഷം അലോട്ട്മെന്റ് നടത്തിയിട്ടുള്ള കോളേജുകളെയാണ് 2015 വർഷത്തെ KEAM പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

30 (*90) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്കുവേണ്ടി പ്രയോജന പ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കാൻ എടുത്ത നടപടികൾ എന്തെല്ലാമാണ്, വിശദാംശങ്ങൾ നൽകുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. വിശദാംശം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ബി) മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുവാനുള്ള സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റുകൾ, പ്ലാസ്റ്റിക് പെല്ലറ്റിംഗ് യൂണിറ്റുകൾ, വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകൾ മുതലായ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നത്. ടൂറിസം വകുപ്പ് ഇതിനായി നൽകുന്ന ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിനിയോഗിക്കുന്നത്.

(ഡി) കോവളം, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി, കുമ്പളങ്ങി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു. കുടുംബശ്രീ യൂണിറ്റുകൾ, ശുചിത്വമിഷൻ സന്നദ്ധ സംഘടനകൾ എന്നിവരെ ഉപയോഗപ്പെടുത്തി സ്ഥിരമായി ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.)-ന്റെ പ്രവർത്തനങ്ങൾ

1 (666) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിലെ ഏക ഔഷധ നിർമ്മാണ കമ്പനിയായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.)-ന്റെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിക്കാറുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ഡി.പി. നടത്തിയ പ്രവർത്തന പുരോഗതി തകിടംമറിയുന്നതിനിടയാക്കിയത് എന്താണ് ;

(സി) സ്വകാര്യ ഔഷധ കമ്പനികളുടെയും വിതരണക്കാരുടെയും സമ്മർദ്ദങ്ങൾക്ക് സർക്കാർ വഴങ്ങുന്നതുകൊണ്ടാണ് സർക്കാർ സ്ഥാപനങ്ങൾ തകരുന്നതെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കെ.എസ്.ഡി.പി.-യെ കാലാനുസൃതമായി നവീകരിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും ഉത്പാദന വിപണന മേഖല വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും റിയാബ് നേരിട്ടും വ്യവസായ വകുപ്പുമന്ത്രിയുടെയും വകുപ്പ്സെക്രട്ടറിയുടെയയും നേതൃത്വത്തിൽ പ്രത്യേക അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly